**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **12.05.2017-ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 3542**

## മത്സ്യബന്ധന തുറമുഖങ്ങൾ

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ. എ.എൻ. ഷംസീർ**<br>**ശ്രീ. ആർ. രാജേഷ്**<br>**ശ്രീ. എൻ. വിജയൻ പിള്ള**<br>**ശ്രീ. വി. അബ്ദുറഹിമാൻ** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിച്ചു കൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | നബാർഡിന്റെ ധനസഹായത്തോടെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നിർമ്മിച്ചു കൊണ്ടിരിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ അംഗീകാരം ലഭിച്ച കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം,നബാർഡ് വിഹിതം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.<br>2) 50% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ അംഗീകാരം ലഭിച്ച തലായ് മത്സ്യബന്ധന തുറമുഖ പദ്ധതി 75% പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങൾ പുരോഗമിച്ചു വരുന്നു.<br>3) ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസനത്തിനായി നബാർഡ് RIDF XV ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകി. പുലിമുട്ട് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന ഘടകങ്ങൾ നടപ്പിലാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | മത്സ്യബന്ധന മേഖലയിൽ നബാർഡ് അംഗീകാരം നൽകിയിട്ടുള്ള പുതിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | നബാർഡ് ആർ.ഐ.ഡി.എഫ് 23-ാം ട്രഞ്ചിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളെക്കുറിച്ചുള്ള പ്രാഥമിക ചർച്ചകൾ ആരംഭിച്ചിട്ടേ ഉള്ളൂ. **2017-18** സാമ്പത്തിക വർഷത്തെ സെക്ടറൽ അലോക്കേഷൻ ലഭിച്ചതിനുശേഷം മുൻഗണനാക്രമത്തിൽ പദ്ധതികൾക്ക് അംഗീകാരം നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന എല്ലാ മത്സ്യബന്ധന തുറമുഖങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | മുതലപ്പൊഴി, അർത്തുങ്കൽ, ചെല്ലാനം, ചേറ്റുവ, താനൂർ, വെള്ളയിൽ, കൊയിലാണ്ടി, തലായി, മഞ്ചേശ്വരം, കാസർഗോഡ് എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണമാണ് ഇപ്പോൾ പുരോഗമിച്ചുവരുന്നത്. ഇതിൽ മുതലപ്പൊഴി, ചേറ്റുവ, തലായി, കൊയിലാണ്ടി, കാസർഗോഡ് എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കാൻ ആകുന്നതാണ്. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിന്റെ പുലിമുട്ട് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് അനുബന്ധ ഘടകങ്ങൾ ഏർപ്പാടാക്കുന്നതിന് സ്ഥലം ഏറ്റെടുക്കേണ്ടതുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ വേളയിൽ ഉണ്ടായ സിങ്കേജ് മൂലവും വെള്ളയിൽ, താനൂർ മത്സ്യബന്ധന തുറമുഖങ്ങളിൽ ബേസിനുള്ളിൽ **tranquility** ലഭിക്കുന്നതിന് പുലിമുട്ടിന്റെ നീളം വർദ്ധിപ്പിക്കേണ്ടി വരുന്നതിനാലും ഭരണാനുമതി തുക വർദ്ധിക്കുകയുണ്ടായി. ടി പദ്ധതികൾ പൂർത്തീകരിക്കുന്നതിന് പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന കാര്യം പരിഗണനയിലാണ്. |
| (ഡി) | കേന്ദ്ര സർക്കാർ, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗിൽ വരുത്തിയ കുറവ് ഇവയുടെ പൂർത്തീകരണത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ; | (ഡി)യും (ഇ)യും | ബാധിച്ചിട്ടില്ല. |
| (ഇ) | എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ